# തിരുഹൃദയ നാദം

2024 ജൂലൈ | ലക്കം 121 | പുസ്തകം 7




തിരുഹൃദയ തീർത്ഥാടനകേന്ദ്രം, പെരിഞ്ചേരി, ഫോൺ : 0487 2342423

# 17-ാം ചരമ വാർഷികം



## വള്ളൂപ്പാറ കുഞ്ഞിതോമൻ

# ഫ്രാൻസിസ്

ജനനം
5-3-1960

മരണം
14-7-2007

ലിറ്റിൽ ഫ്ളവർ യൂണിറ്റ്




# തിരുഹൃദയ നാദം

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം 7 | ലക്കം 121 | ജൂലായ് 2024

പെരിഞ്ചേരി, തൃശ്ശൂർ - 680306, ഫോൺ: 0487 - 2962423, 0487 - 2342423

*Website*: sacredheartshrineperinchery.com

*Email*: perincherysacredheart@gmail.com

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. പോൾ താണിക്കൽ
Mob : 9495041382

**മാനേജിങ്ങ് എഡിറ്റർ**
ഫാ. ജിന്റോ ചിറമ്മൽ CMI
Mob : 8248363161

**എക്സിക്യൂട്ടീവ് എഡിറ്റർ**
പോൾ കാട്ടൂക്കാരൻ
Mob : 9495130756

**എഡിറ്റർ**
പ്രിൻസൺ പുത്തിരി
Mob : 8547258347

**ട്രഷറർ**
ഷാജു കിടങ്ങൻ
Mob : 9061955814

**അഡ്വർടൈസ്മെന്റ്**
ജോമോൻ തട്ടിൽ
Mob : 9495528715

**ട്രസ്റ്റി**
ജോസ് തെക്കിനിയത്ത്
Mob : 9447659270

**മീഡിയ**
ജോക്സൺ കുറ്റിക്കാട്ട്
Mob : 8113006409

**കമ്മിറ്റി അംഗങ്ങൾ**
റവ. സി. ഫെമി FCC
0487 2342027
റവ. സി. ടിസ്സ ജീസ് FCC
0487 2342027
ജോസ് മുത്തിപീടിക
Mob : 9946006917
ബെൻസി റോയ്
Mob : 807869536

## ഇതളുകൾ വിരിയുമ്പോൾ...

| | |
|---|---|
| ഓർമ്മിക്കാൻ ആചരിക്കാൻ | 4 |
| പത്രാധിപക്കുറിപ്പ് | 5 |
| ഇടയസ്വരം | 7 |
| കൊച്ചച്ചൻ സംസാരിക്കുന്നു | 9 |
| തിരുഹൃദയനാഥന് നന്ദി | 10 |
| വി. എവുപ്രാസ്യമ്മ (കവിത) | 12 |
| ആരോഗ്യവേദി | 13 |
| വി. തോമാശ്ലീഹാ (കവിത) | 15 |
| തിടുക്കം (കവിത) | 16 |
| വചനത്തിന്റെ ശക്തി | 17 |
| ഡോഗ്സ് ഓൺ കൺട്രി (ലേഖനം) | 18 |
| നിയമം ഹൃദയത്തിൽ (ലേഖനം) | 20 |
| സംശയമോ? ദൃഢനിശ്ചയമോ? (ലേഖനം) | 22 |
| കിഡ്സ് കോർണർ | 59 |
| സഭാ വാർത്തകൾ | 61 |
| ഇടവക വാർത്തകൾ | 63 |
| സംഘടന വാർത്തകൾ | 66 |
| വിശുദ്ധരുടെ പാതയിൽ | 70 |
| നവാഗതർ, നവദമ്പതികൾ,....... | 71 |
| അടിക്കുറിപ്പ് | 73 |
| നിറം കൊടുക്കൽ | 75 |
| തിരുഹൃദയനാദം ക്വിസ് | 77 |
| ബൈബിൾ കലണ്ടർ | 78 |

SCAN HERE

***മുഖചിത്രം:***
വിശുദ്ധ തോമസ് ശ്ലീഹ

FOR PRIVATE CIRCULATION ONLY



# ഓർമ്മിക്കാൻ ആചരിക്കാൻ

**ജൂലായ് 2024**

| | | |
|---|---|---|
| 03 | ബുധൻ | ദുക്റാന തിരുനാൾ |
| 05 | വെള്ളി | മാസാദ്യവെള്ളി **തിരുഹൃദയ തിരുനാൾ,** പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ ഊട്ട് |
| 11 | വ്യാഴം | വി. ബനഡിക്ട് |
| 16 | ചൊവ്വ | കർമ്മലമാതാവ് |
| 22 | തിങ്കൾ | വി. മഗ്ദലേന മറിയം |
| 25 | വ്യാഴം | വി. യാക്കോബ് ശ്ലീഹാ |
| 26 | വെള്ളി | വി. യൊവാക്കിം, വി. അന്ന |
| 28 | ഞായർ | വി. അൽഫോൻസ |
| 29 | തിങ്കൾ | വി. മർത്താ |
| 31 | ബുധൻ | വി. ഇഗ്നേഷ്യസ് ലയോള |

## മാസാദ്യവെള്ളി തിരുഹൃദയ ഊട്ടുതിരുനാൾ

2024 ജൂലായ് മാസത്തെ മാസാദ്യവെള്ളി തിരുഹൃദയ ഊട്ടു തിരുനാൾ 5–ാം തിയ്യതി ആചരിക്കുന്നു. രാവിലെ 5.45 നും 7.15 നും വൈകീട്ട് 5.30 നും പാട്ടുകുർബ്ബാന, ലദീഞ്ഞ്, തിരുഹൃദയ നൊവേന, 10.00 ന് ആഘോഷമായ പാട്ടുകുർബ്ബാന, തിരുഹൃദയസന്ദേശം, ലദീഞ്ഞ്, തിരുഹൃദയ നൊവേന, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യകാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, കൈവെപ്പ് ശുശ്രൂഷ, തുടർന്ന് സൗഖ്യദായക തിരുഹൃദയ ഊട്ട്. ശുശ്രൂഷകൾക്ക് ***ഫാ. അനീഷ് ചെറുപറമ്പിൽ*** മുഖ്യ കാർമ്മികത്വം വഹിക്കും.

2024 ജൂലായ് മാസം തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്

***തേക്കാനത്ത് കാറളംക്കാരൻ അന്തോണി ജോർജ്ജ്, മരത്താക്കര***

**കുമ്പസാരത്തിനും കൗൺസിലിങ്ങിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.**

***തിരുഹൃദയസന്നിധിയിലേക്ക് ഏവർക്കും സ്വാഗതം !!!***

പശ്ചാത്തപിക്കുന്നവർക്ക് തിരിച്ചുവരാൻ അവിടുന്ന് അവസരം നല്കും. (പ്രഭാ. 17: 24).




# വിശ്വാസം ഏറ്റുപറയാം.....

ആർഷ സംസ്കാരങ്ങളുടെ ഈറ്റില്ലമായ ഭാരതത്തിൽ യേശുവിന്റെ സ്നേഹ സംസ്കാരത്തിന്റെ വിത്ത് പാകിമുളപ്പിച്ച മാർതോമാശ്ലീഹയുടെ ദുക്റാന തിരുനാൾ നാം ആഘോഷിക്കുകയാണ്. ഈ തിരുനാൾ ഭാരത ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആത്മപരിശോധനക്കുള്ള അവസരം കൂടിയാണ്. നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന് വിത്ത് വിതച്ച്, അതിനെ സ്വന്തം രക്തത്താൽ നനച്ചു വളർത്തിയ നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർതോമാശ്ലീഹായെ ഓർക്കുമ്പോൾ ആ വലിയ മനസ്സിനോടുചേർത്ത്, ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുവാൻ നമുക്ക് സാധിക്കട്ടെ. "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വെക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" എന്നുള്ള ശ്ലീഹായുടെ ശാഠ്യത്തിനുമുമ്പിൽ ക്രിസ്തുനാഥൻ വഴങ്ങി കൊടുക്കുകയാണ്. എങ്കിലും അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" എന്നുള്ള ദിവ്യഗുരുവിന്റെ അഭ്യർത്ഥന ശ്രവിച്ച മാത്രയിൽ യാതൊരു സംശയവും കൂടാതെ തോമാശ്ലീഹ തന്റെ വിശ്വാസം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. "എന്റെ കർത്താവേ, എന്റെ ദൈവമേ" വിശ്വാസത്തിന്റെ മാറ്റുരയ്ക്കുന്ന വേളകളിൽ നമ്മുടെ വിശ്വാസം എവിടെ നിൽക്കുന്നുവെന്ന് ചിന്തിക്കുവാൻ ദുക്റാന തിരുനാൾ കാരണമാകട്ടെ. വിശ്വാസപ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ, വിശ്വാസംതന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിൽ "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" എന്നു പറഞ്ഞ തോമാശ്ലീഹായുടെ വചനങ്ങൾ നമുക്ക് ശക്തിപകരട്ടെ. സ്ഥാനമാനങ്ങൾക്കുവേണ്ടിയും കാര്യസാധ്യത്തിനുവേണ്ടിയും വിശ്വാസംകൊണ്ടു നടക്കുന്നവരാകാതെ സാഹചര്യത്തിനനുസരിച്ച് ക്രിസ്തു വിശ്വസത്തെ തള്ളിപ്പറയുന്നവരാകാതെ മാർ തോമാശ്ലീഹായെപ്പോലെ ജീവൻ പോലും ത്യജിക്കാൻ തയ്യാറാകുന്ന വിശ്വാസത്തിന് സാക്ഷ്യം വഹിക്കാൻ ഓരോ ക്രിസ്തു വിശ്വാസിക്കും സാധിക്കട്ടെ. മാർതോമാശ്ലീഹ പകർന്നു നൽകിയ വിശ്വാസദീപം അണയാതെ വരും തലമുറകളിലേക്ക് പകർന്നു നൽകാനും നമുക്ക് പ്രതിജ്ഞയെടുക്കാം. ഏവർക്കും ദുക്റാന തിരുനാൾ മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

**പത്രാധിപസമിതി**

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെ പോലെ ആകരുത്. (മത്താ. 6: 5).

# വലിയ ഇടയന്റെ ശബ്ദം



## നമ്മുടെ പ്രാർത്ഥനയെ യാചനകളിൽ ഒതുക്കരുത്:

**ഫ്രാൻസീസ് പാപ്പ**

നമ്മുടെ പ്രാർത്ഥനയെ യാചനകളിൽ ഒതുക്കരുതെന്നും കർതൃ പ്രാർത്ഥനയിലെ അങ്ങയുടെ ഇഷ്ടം നിറവേറട്ടെയെന്ന് പ്രാർത്ഥിക്കാനാണ് ശ്രമിക്കേണ്ടതെന്നും ഫ്രാൻസിസ് പാപ്പ വ്യക്തമാക്കി. നമ്മുടെ പ്രാർത്ഥനയെ യാചനകളിലേക്ക് ഒതുക്കി, തുടർച്ചയായ "എനിക്ക് തരേണമേ, ഞങ്ങൾക്ക് നൽകണമേ..." എന്നതിലേക്ക് ചുരുക്കി ദരിദ്രമാക്കാതിരിക്കാൻ സങ്കീർത്തനങ്ങൾ നമ്മെ സഹായിക്കുന്നു. "അന്നന്നു വേണ്ടുന്ന ആഹാരം" ചോദിക്കുന്നതിനുമുമ്പ് അങ്ങയുടെ നാമം പൂജിതമാകണമെ, അങ്ങയുടെ രാജ്യം വരേണമെ, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്ന് പറയാൻ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയിൽ നിന്ന് നമുക്കു പഠിക്കാമെന്നും പാപ്പ കൂട്ടിചേർത്തു.



### വി. കുർബാന സമയം

ഞായർ: **5.30 a.m. , 7.00 a.m., 10.15 a.m., 6.00 p.m.**

മാസാദ്യവെള്ളികളിലും മറ്റ് വെള്ളിയാഴ്ചകളിലും:
**5.45 a.m., 7.15 a.m., 10.00 a.m., 6.00 p.m.**

മറ്റ് ദിവസങ്ങളിൽ: **6.00 a.m., 7.15 p.m.**

### ഇൻഫർമേഷൻ സെന്റർ & ബുക്ക് സ്റ്റാൾ സമയം

**ഫോൺ: 0487 2962423**

| | |
|---|---|
| **തിങ്കൾ മുതൽ ശനി വരെ (ഞായർ അവധി)** | **9.30 a.m. to 1 p.m.**<br>**2.00 p.m. to 6.00 p.m.** |

നടത്തുകൈക്കാരൻ: **ശ്രീ. ജോസ് തെക്കിനിയത്ത്**
**ഫോൺ: 9447659270**

കപ്യാർ: **ശ്രീ. ജിയോ കൊക്കൻ, ഫോൺ: 9847606164**

## ഇടയസ്വരം



വിശ്വാസത്തിന്റെ പിതാവായ തോമാശ്ലീഹായുടെ തിരുന്നാൾ July 3, വി. ബനഡിക്ടിന്റെ തിരുന്നാൾ July 11, കർമ്മലമാതാവിന്റെ തിരുന്നാൾ July 16, വി. യാക്കോബ് ശ്ലീഹായുടെ തിരുന്നാൾ July 25, മാതാവിന്റെ മാതാപിതാക്കളായ വി. യോവാക്കിം, അന്ന എന്നിവരുടെ തിരുന്നാൾ July 26, വി. അൽഫോൻസമ്മയുടെ തിരുന്നാൾ July 28, വി. മർത്തായുടെ തിരുന്നാൾ July 29, ഈശോ സഭാ സ്ഥാപകനായ വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുന്നാൾ July 31.

ഈ വിശുദ്ധരെല്ലാം ജീവിതകാലത്തും മരണശേഷവും വിശുദ്ധരായി തീർന്നിട്ടും ഇന്നും ജനമനസ്സുകളിൽ ഏറെ പ്രിയപ്പെട്ടവരും സ്വാധീനമുള്ളവരും മധ്യസ്ഥശക്തിയും ഉള്ളവരാണ്. ഇവരാരും കോശി കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ഒരു മുടക്കു ദിവസം കിട്ടാൻ വേണ്ടി സമരം നടത്തിയവരല്ല. വിശ്വാസം അതിന്റെ തീവ്രതയിലും തീക്ഷണതയിലും നവ്യതയിലും മാതൃകാപരമായി ജീവിച്ചു കാണിച്ചവരാണ്. ജീവിതത്തിലെ ക്ഷണികതയും നിത്യജീവിതത്തിന്റെ ആനന്ദവും കാണിച്ചു തന്നവരാണ്. സഹനങ്ങളിലൂടെ സമ്പത്ത് നേടിത്തന്നവരാണ്.

തോമാശ്ലീഹായുടെ മധ്യസ്ഥത്താൽ പ്രേഷിതരായവർ, യേശു കുരിശിലൂടെ കീഴടക്കിയ പൈശാചികതയെ ബോധ്യപ്പെടുത്തിയ വി. ബനഡിക്ട്, സഹനദാസിയായി ഭരണങ്ങാനത്തെ ഉയർത്തിയ അൽഫോൻസാമ്മ, ലോകം മുഴുവൻ നേടിയാലും എന്തു ഫലം എന്നു പറഞ്ഞ വി. ഫ്രാൻസീസ് സേവ്യർ എന്ന വിശുദ്ധനെ ഭാരതത്തിനും കേരളത്തിനും നൽകിയ വി. ഇഗ്നേ



ഷ്യസ് ലയോള.

വിശുദ്ധമായി ജീവിച്ച്, അനേകരെ ഇവർ മാനസാന്തരപ്പെടുത്തി ഒളി മങ്ങാത്ത ദീപമായി, കത്തിജ്വലിക്കുന്ന ദീപമായി, ലോകത്തിന്റെ പ്രകാശമായി ഇന്നു പ്രഭ വിതറുന്നു. വി. മർക്കോസ് 16:17. "വിശ്വാസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും: അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും: പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കയ്യിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖം പ്രാപിക്കയും ചെയ്യും."

വിശ്വാസത്തിന്റെ സാക്ഷികളും പ്രേഷിതരുമായി ജീവിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കർമ്മല മലയിലെ സുന്ദര കുസുമമേ, ഫലസമ്പൂർണ്ണമായ മുന്തിരി, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൂര്യജോതിസ്സേ, നിത്യകന്യകയായി ഈശോയ്ക്ക് ജന്മം നൽകിയവളെ, ഇന്നത്തെ എന്റെ ആവശ്യങ്ങളിൽ എന്നെ സഹായിക്കണമേ. അങ്ങ് എന്റെ അമ്മയായിരിക്കണമേ. എന്നെ അങ്ങയുടെ മകനായി സ്വീകരിക്കണമേ. ആമ്മേൻ.

*വികാരിയച്ചൻ*



## തിരുഹൃദയ അനുഗ്രഹ വെള്ളി ആചരണം

**(മാസാദ്യവെള്ളി ഒഴികെയുള്ള വെള്ളിയാഴ്ചകളിൽ)**

**5.45 am, 7.15 am, 6.00 pm** ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ നൊവേന.

**10.00 am** ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ സന്ദേശം, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം, തുടർന്ന് നേർച്ചക്കഞ്ഞി വിതരണം.

**തിരുഹൃദയ ഭക്തിയിൽ വളരാം, തിരുഹൃദയ ഭക്തിപ്രചരിപ്പിക്കാം.**



## കൊച്ചച്ചൻ സംസാരിക്കുന്നു

*വിചിന്തനത്തിൽ അവളെ കുറിച്ച് ഇങ്ങനെ എഴുതിയിട്ടുണ്ട്:*

അനുദിന വിശുദ്ധർ എന്ന പുസ്തകത്തിൽ ജൂൺ മാസത്തിലെ ഏടുകൾ മറിച്ചുകൊണ്ടിരിക്കെ ഏറെ പ്രിയപ്പെട്ട വിശുദ്ധ മരിയഗൊരെത്തിയുടെ പേര് കണ്ടപ്പോൾ അവളെ കുറിച്ച് എഴുതിയിരിക്കുന്ന ആ വരികളിലൂടെ ഞാൻ ഒന്ന് കണ്ണോടിച്ചു. അവസാനം വിചിന്തനത്തിൽ ആ വിശുദ്ധയെക്കുറിച്ച് ഇങ്ങനെ എഴുതിയിട്ടുണ്ട്: “മരിയഗൊരെത്തിക്ക് വേദോപദേശം കാര്യമായി അറിയാൻ പാടില്ലായിരുന്നെങ്കിലും വിശ്വാസത്തിന് യാതൊരു കുറവും ഉണ്ടായിരുന്നില്ല”.

മരിയ ഒരു ദരിദ്ര കർഷകന്റെ മകളാണ്. സാഹചര്യങ്ങൾ മൂലം അവൾക്ക് സ്കൂളിൽ പഠിക്കാൻ സാധിച്ചില്ല. എഴുതാനും വായിക്കാനും അവൾക്ക് അറിയില്ലായിരുന്നു. അവൾക്ക് പത്ത് വയസ്സുള്ളപ്പോൾ അവളുടെ അപ്പച്ചൻ മരിച്ചു. പിന്നെ ഒരു ധനികന്റെ കുടുംബത്തിൽ വീട്ടുജോലി ചെയ്താണ് അമ്മ അവളെ വളർത്തിയത്. ആ വീട്ടിലെ യുവാവ് പലപ്രാവശ്യം അവളെ പാപം ചെയ്യാൻ നിർബന്ധിച്ചു. ആ വിവരം സ്വന്തം അമ്മയോട് പങ്കുവച്ചിട്ട് നിശ്ചയദാർഢ്യത്തോടെ ഒരു കാര്യം കൂടി അവൾ പറഞ്ഞു: “അമ്മേ എന്റെ ശരീരം കഷണം കഷണമായി മുറിക്കുകയാണെങ്കിൽ കൂടി ഞാൻ പാപം ചെയ്യുകയില്ല”.

1950–ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പ മരിയ ഗൊരെത്തിയെ റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വച്ച് രണ്ടരലക്ഷം വിശ്വാസികളെ സാക്ഷിയാക്കി വിശുദ്ധയെന്ന് നാമകരണം ചെയ്തപ്പോൾ 82 വയസ്സുള്ള അവളുടെ അമ്മയും, മാനസാന്തരപ്പെട്ട് ഒരു സന്യാസിയായി മാറിയ അവളുടെ ഘാതകനും ആ അൾത്താരയുടെ മുമ്പിൽ മുട്ടുകുത്തി നിൽപ്പുണ്ടായിരുന്നു.

*എന്ന് സ്നേഹം നിറഞ്ഞ*
**ജിന്റോ അച്ചൻ**



# തിരുഹൃദയനാഥന് നന്ദി....

1. ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി SSLC, +2 തുടങ്ങി വിവിധ പരീക്ഷകളിൽ ഉന്നതവിജയം ലഭിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **സ്മിത, ബിന്ദു, റീന ഫ്രാൻസിസ് പെരിഞ്ചേരി, ബീന, റോസിലി പോൾ, ആൻമരിയ, ഹാപ്പി ജിയോ, അനിറ്റ സി.ഡി., ജിൻസി, ഇതൾ, ശ്രീഹരി, അൽമ ഡേവിസ്, ഏയ്ഞ്ചൽ ഷാജു ചെവ്വൂർ, അയറിൻ ഷാജു, അലൻ, സാനിയ ജോസഫ്, ആൽവി, ഹെൽന തോമസ്, അന്ന മരിയ കല്ലൂർ, അഡോണിയ, അലീന, ഡെന്ന, സിനി, റിത്വിൻ, കിസ്റ്റോ ഒല്ലൂർ, ബിൽജോ ചിറ്റിശ്ശേരി, വിൻസി, ജെസി ചേർപ്പ്**
2. ഡ്രൈവിങ്ങ് ലൈസൻസ് ലഭിച്ചതിന് ഈശോയുടെ തിരുഹൃദയനാഥനോട് നന്ദി പറഞ്ഞുകൊണ്ട് - **സോജ തോമസ്**
3. വി. കുർബാനയിലും നൊവേനയിലും ആരാധനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി ജോലി നൽകി അനുഗ്രഹിച്ച തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് - **ഷൈനി ജോണി, ലിമി ടോമി വല്ലച്ചിറ, നീനു സുനീഷ്, ജെറിൻ, ജോയ്സി**
4. തിരുഹൃദയത്തിന്റെ അനുഗ്രഹത്താൽ ജീവിതപങ്കാളിയെ ലഭിച്ചതിനും വിവാഹം മംഗളകരമായി നടന്നതിനും നന്ദി പറഞ്ഞുകൊണ്ട് - **റോസിലി ചേർപ്പ്, ലിസി ആന്റണി ചിറക്കൽ**
5. തിരുഹൃദയ നാഥന്റെ അടുക്കൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി മകന്റെ വീടുപണി പൂർത്തിയായതിനും, മകന് ജീവിതപങ്കാളിയെ ലഭിച്ചതിനും തിരുഹൃദയനാഥനും മാതാവിനും ഒരായിരം നന്ദി പറഞ്ഞുകൊണ്ട് - **ഗ്രേസി ജോസഫ് മരത്താക്കര**
6. മുടക്കം കൂടാതെ തിരുഹൃദയ നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും മാസാദ്യ വെള്ളി ശുശ്രൂഷകളിൽ പങ്കെടുത്ത് ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി രോഗശാന്തി നൽകി അനുഗ്രഹിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് **- ലിസി അഞ്ചേരി, ആൽവിയ റോസ് മെജോ, മേഴ്സി, പ്രശോഭ്, സിൽവി നെല്ലങ്കര**
7. ആപത്തും അപകടവും ഒന്നുമില്ലാതെ സുഖകരമായി വിദേശയാത്ര നടത്തിവരാൻ കഴിഞ്ഞതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **ട്രീസ**



# Greetings

## HAPPY FEAST

ജൂലായ് മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന നമ്മുടെ ഇടവകയിലെ സമർപ്പിതർ



സി. ബിയാട്രീസ്
11/7



സി. റോസ്ന
CMC
14/7



സി. ഗ്രെയ്സ്ന
ജീസ്
17/7



ബ്ര. ബ്ലസൺ
കല്ലൂക്കാരൻ
8/7

## HAPPY FEAST

ജൂലായ് മാസത്തിൽ നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന നമ്മുടെ ഇടവകയിലെ സമർപ്പിതർ



ഫാ. ലിയോ
പുത്തൂർ 3/7



സി. ആൻലിയ
6/7



സി. വിമല OSF
16/7



സി. ആലീസ്
പോൾ
26/7



സി. ഗ്രെയ്സ്ന
ജീസ്
26/7



സി. ആലീസ്
തെക്കിനിയത്ത്
26/7



സി. സച്ചിത
28/7



ബ്ര. ജിന്റോ
മഞ്ഞളി
03/07

ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്. (മത്താ. 10.13)

**കവിത**



## വി. എവുപ്രാസ്യമ്മ

കേരളമണ്ണിൽ വിടർന്നൊരു വിശുദ്ധേ!
കാട്ടൂരിന്റെ പൊന്നോമന പുത്രി.
കർമ്മലീത്താസഭയിലെ കർമ്മധീരേ!
കരുത്തേകണമേ ഞങ്ങൾക്കായി നീ.
പ്രാർത്ഥിക്കുന്നോരു അമ്മേ, നിന്റെ
പ്രാർത്ഥനയിൽ ഞങ്ങളെ
സമർപ്പിച്ചിടേണമെ
പാരിൻ അധിപനേ! പരമ പിതാവേ!
പരിശുദ്ധാത്മാവേ, വരമീ ഞങ്ങൾക്കരുളൂ.
ഞങ്ങൾ തൻ മധ്യസ്ഥയായി നീയെന്നും,
ഞങ്ങളെ നയിക്കേണമെ നേർവഴിയിൽ
ഞങ്ങൾ തൻ ആവശ്യങ്ങൾ കണ്ടറിഞ്ഞെന്നും
ഞങ്ങൾക്കുവേണ്ടി അർപ്പിച്ചിടണമെ.

**മേരി ജോസഫ്, വീരമ്പുള്ളി**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



## ഉപകാരസ്മരണ

ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി നഴ്സിംഗ് പരീക്ഷയിൽ നല്ല വിജയം നൽകി അനുഗ്രഹിച്ചതിന് തിരുഹൃദയനാഥന് നന്ദി പറയുന്നു.

**എലേന പോളി**

ആരോഗ്യവേദി



# കൊളസ്ട്രോൾ

**കൊ**ളസ്ട്രോൾ എന്ന് കേൾക്കുമ്പോൾതന്നെ അപകട സൂചന പോലെയാണ് ആളുകൾ കണക്കാക്കുന്നത്. എന്നാൽ, അങ്ങനെ പേടിക്കേണ്ട ഒന്നല്ല കൊളസ്ട്രോൾ. അളവുകൾ ആരോഗ്യകരമായി നിലനിർത്തിയാൽ കൊളസ്ട്രോൾ ശത്രുവല്ല. തെറ്റായ ജീവിതരീതികൾ കൊളസ്ട്രോളിന്റെ അളവ് കൂടാൻ ഇടയാക്കും. കൊളസ്ട്രോൾ നില ഉയരുമ്പോൾ പ്രത്യേകിച്ച് ലക്ഷണങ്ങൾ ഉണ്ടാകണമെന്നില്ല. മറ്റെന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾക്ക് പരിശോധന നടത്തുമ്പോഴായിരിക്കാം കൊളസ്ട്രോളിന്റെ ആധിക്യം തിരിച്ചറിയുന്നത്.

സുഗമമായ ശാരീരിക പ്രവർത്തനങ്ങൾക്കും കോശനിർമ്മാണത്തിനും നമ്മുടെ ശരീരത്തിൽ വേണ്ട ഒന്നാണ് കൊളസ്ട്രോൾ. ശരീരത്തിലെ ലക്ഷോപലക്ഷം കോശങ്ങളുടെ പുറംപാളി ആരോഗ്യത്തോടെ നിലനിർത്താനും അവയുടെ ഘടന സംരക്ഷിക്കാനും ഹോർമോൺ പ്രവർത്തനങ്ങൾക്കുമെല്ലാം കൊളസ്ട്രോൾ കൂടിയേ തീരൂ. ഞരമ്പുകൾ ശരിയായി പ്രവർത്തിക്കുന്നതിനും കൊളസ്ട്രോൾ വേണം. ഈ ആവശ്യങ്ങൾക്കായി ശരീരം സ്വയം കൊളസ്ട്രോൾ ഉൽപാദിപ്പിക്കുന്നുമുണ്ട്. പിന്നെ എന്തിനാണ് നാം ഈ കോളസ്ട്രോളിനെ ഭയപ്പെടുന്നത്?

ഷുഗർ, പ്രഷർ, കൊളസ്ട്രോൾ എന്നതൊക്കെ പ്രായമായവരിൽ മാത്രം കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളായിരുന്നു കുറച്ചുനാൾ മുമ്പുവരെ. എന്നാൽ ഈ രോഗങ്ങളൊക്കെ ഇപ്പോൾ ചെറുപ്പക്കാർക്കിടയിലും സാധാരണമായിരിക്കുന്നു. ചെറുപ്പക്കാരായവരിൽ വർദ്ധിച്ചുവരുന്ന ഹൃദയാഘാതത്തിന് കാരണവും ഒരു പരിധിവരെ അമിത കൊളസ്ട്രോൾ തന്നെയാണ്.

കോശങ്ങളുടെ സംരക്ഷണം ഉൾപ്പെടെ പല ശാരീരിക പ്രവർത്തനങ്ങൾക്കും കൊളസ്ട്രോൾ ആവശ്യമാണ്. എങ്കിലും ഇതിന്റെ അളവ് ആവശ്യത്തിലും അധികമാകുമ്പോൾ, അധികമായി രൂപപ്പെടുന്ന കൊളസ്ട്രോൾ ഹൃദയ ധമനികളിൽ സംഭരിക്കപ്പെടുന്നത് വഴി, രക്തയോട്ടം

തടസ്സപ്പെടുകയും അത് ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനുംവരെ കാരണമാകുകയും ചെയ്യും.

**കൊളസ്ട്രോൾ രണ്ടുതരം**

നല്ല കൊളസ്ട്രോൾ അഥവാ HDL, ചീത്ത കൊളസ്ട്രോൾ അഥവാ LDL എന്നിങ്ങനെ കൊളസ്ട്രോൾ രണ്ടുതരത്തിലുണ്ട്. ഇതിൽ നല്ല കൊളസ്ട്രോൾ ശരീരത്തിന് ആവശ്യമാണ്. രക്തധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടാതെ നോക്കുന്നതും അതുവഴി ഹൃദയാരോഗ്യം സംരക്ഷിക്കുന്നതും HDL കോളസ്ട്രോൾ ആണ്. എന്നാൽ ചീത്ത കൊളസ്ട്രോൾ അഥവാ LDL ഹൃദയധമനികളിൽ അടിഞ്ഞുകൂടി രക്തപ്രവാഹത്തിന് തടസ്സം സൃഷ്ടിക്കുന്നു.

ശരീരത്തിൽ ഇൻസുലിൻ കൂടുന്നത് നല്ല കൊളസ്ട്രോൾ കുറയ്ക്കാൻ കാരണമാകും.

**ഭക്ഷണശീലം**

ചീത്ത കൊളസ്ട്രോൾ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെ നേരിടാൻ ഏറ്റവും മികച്ച മാർഗ്ഗം ശരീരത്തിൽ നല്ല കൊളസ്ട്രോൾ മെച്ചപ്പെടുത്തുക എന്നതാണ്. അതിനായി നല്ല കൊളസ്ട്രോൾ കൂട്ടാൻ സഹായിക്കുന്ന ഭക്ഷണങ്ങൾ കഴിക്കാം. ഒമേഗാ അടങ്ങിയ മത്സ്യങ്ങൾ, നട്സ്, ചിയ വിത്തുകൾ, ഒലിവ് ഓയിൽ, മുഴുവൻ ധാന്യങ്ങൾ, നാരുകൾ അടങ്ങിയ ഭക്ഷണം ഇവയൊക്കെ നല്ല കൊളസ്ട്രോൾ വർദ്ധിപ്പിക്കുന്നു. ഇതോടൊപ്പം ചീത്ത കൊളസ്ട്രോൾ കൂട്ടുന്ന ഭക്ഷണങ്ങൾ ഒഴിവാക്കുകയും വേണം. എണ്ണയിൽ വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ, പഞ്ചസാര കൂടുതൽ അടങ്ങിയ പാനീയങ്ങളും മധുരവിഭവങ്ങളും, നെയ്യ്, ജങ്ക്ഫുഡ്, പ്രോസസ്സ് ചെയ്ത ഭക്ഷണം, വെണ്ണ, ചീസ്, റെഡ്മീറ്റ് തുടങ്ങിയവ അമിതമായി കഴിക്കുന്നത് ചീത്ത കൊളസ്ട്രോൾ വർദ്ധിപ്പിക്കും.

ആരോഗ്യകരമായ ഭക്ഷണശീലം പിന്തുടരുന്നതും പതിവായി വ്യായാമം ചെയ്യുന്നതും കൊളസ്ട്രോൾ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സഹായിക്കുന്ന കാര്യങ്ങളാണ്.

**ഡോ. റിനി യൂജിൻ,**
സെന്റ് സേവ്യർ യൂണിറ്റ്
Mob: 9495739194

കവിത

# വി. തോമാശ്ലീഹാ

യേശുവിൻ തിരുമുറിവുകളെ മാർത്തോമാ തൊട്ടറിഞ്ഞത്
ഓർത്തിടുമ്പോൾ
കാൽവരിമലയിലെ യേശുവിൻ സ്നേഹയാഗം ഞങ്ങൾതൻ മിഴികളിൽ
എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശുദ്ധന്റെ പ്രാർത്ഥനയിൽ
ഉത്ഥിതനാം യേശുവിനെ വിശ്വാസികൾ ഞങ്ങൾക്ക് കാണാമായി
സ്നേഹത്തിൻ ത്യാഗത്തിൻ അതിരുകൾ നീക്കി
ജീവിതമത്രയും ദൈവത്തെ സ്തുതിച്ചിടാൻ
സത്കർമ്മങ്ങൾ ചെയ്തിടും മാനവന്റെ ശിരസ്സിൽ
ആറടിമണ്ണിനായി പാദപാനം ചെയ്യാത്ത
ദൈവത്തിൻ സമ്മാനമായ സുവിശേഷമാം ഈശോയെ
ഭാരതജനതയ്ക്കായ് സമർപ്പിച്ച വിശുദ്ധ തോമാശ്ലീഹായെ
യേശുവിൻ കീഴെ ഒന്നായ്തീരും ജനത്തിനായ് പ്രാർത്ഥിക്കണമേ
മാതാ, പിതാ, മക്കൾ ബന്ധമില്ലാതെ ജീവിച്ചിടും
കാടും മൃഗങ്ങളും നാടും മനുഷ്യരും ഒന്നായ് തീരാതെ
കാട്ടിലെ മൃഗങ്ങൾതൻ ദിനരാത്രങ്ങൾക്ക് ജനം വിട നൽകി.
സകലതും നന്മയ്ക്കാകാൻ നാട്ടിലെ മാനവർ ദൈവത്തെ ആരാധിക്കാൻ
ഏഴര പള്ളികൾക്ക് സ്ഥാപകനാം ഭാരത അപ്പസ്തോലകനെ
പാപരഹിത ജീവിതം നയിച്ചിടാൻ ഞങ്ങൾക്കായ് പ്രാർത്ഥിക്കണമേ
പൊട്ടിച്ചിതറിതെറിച്ച് ജനത്തെ വധിക്കും കൂട്ടങ്ങളും
കുബുദ്ധി തലയിൽ കയറ്റി അവരെ അയച്ചിടും വാദ്ധ്യാർ സംഘവും
സ്നേഹ–ത്യാഗ–സന്തോഷ–സമാധാന–ക്ഷമയാകും
കരുണയിൽ നിറയും
വഴിയും സത്യവും ജീവനുമാകും ഈശോയെ അറിയാൻ
ക്രിസ്തുശിഷ്യ മാർതോമായെ അവർക്കുവേണ്ടി പ്രാർത്ഥിക്കണമേ.
അവിശ്വാസിയാകാതെ വിശ്വാസിയായി
ജീവനെക്കാൾ അധികമായി ജീവന്റെ നാഥനാം
യേശുവിനെ ഭയഭക്തി ആരാധനയാൽ
നന്ദി സ്തുതി സ്തോത്രങ്ങളർപ്പിച്ച് ജീവിക്കാൻ
വിശ്വാസികൾ ഞങ്ങൾക്കായ് പൊന്നിൻകുരിശുമുത്തപ്പാ
പ്രാർത്ഥിക്കണമേ.

**ഡേവിസ് പുത്തൂർ,** സെന്റ് ജോർജ്ജ് യൂണിറ്റ്

**കവിത**

# തിടുക്കം

എന്തൊരു തിടുക്കം യാതൊന്നിനും നേരമില്ല
ലോകത്തിന്റെ നെട്ടോട്ടം കണ്ടെല്ലാരും ഞെട്ടുന്നു.
മക്കളെ സ്നേഹിക്കാൻ മറക്കും മാതാപിതാക്കൾ
കളിക്കാൻ നേരമില്ല, ട്യൂഷൻ തീർന്ന് മക്കൾക്ക്.
    തിരക്ക് വഴികളിൽ, ടൗണിൽ ചന്തയിലെങ്ങും
    കാറും ബൈക്കും നിറഞ്ഞപ്പോഴെല്ലാർക്കും തിരക്ക്
    ആരോടുമെപ്പോഴും പേശാൻ മൊബൈലുണ്ടായിട്ടും
    തിരക്കൊഴിഞ്ഞ് നേരമില്ല ഏതൊരുവനും
പണ്ടമ്മ വെള്ളം കോരീടണം ഇന്ന് ടാപ്പുണ്ട്
അമ്മിയിൽ മുളകരക്കേണ്ടിന്ന് മിക്സിയുണ്ട്
വിറക് വെട്ടി കത്തിക്കേണ്ടിന്ന് ഗ്യാസുണ്ട്
ഡ്രസ്സ് കഴുകുവാനിന്ന് വാഷിങ്ങ് മെഷീനുണ്ട്
വിശാലമുറ്റം തൂത്തുവാരേണ്ടിപ്പോൾ ടൈലാണ്
കുട്ടികളെ സ്കൂളിലാക്കേണ്ടിപ്പോൾ ബസ്സിലാണ്.
    പത്തിരുപതു നാഴിക നടക്കും കാരണോർ
    ജോലിചെയ്തും സമ്പാദിച്ചും മക്കളെ വളർത്തി
    പണ്ട് കറികൾ രണ്ടു മൂന്നെണ്ണമുണ്ടാക്കിയും
    ഉച്ചമയക്കത്തിനൊത്തിരിയും നേരമുണ്ട്
    കഥകൾ നോവൽ വായിക്കാനും അടുത്തവീട്ടിൽ
    പോയി കിന്നാരം പറഞ്ഞിരിക്കാൻ നേരണ്ടാർന്നു
ഇന്ന് മദ്യഷാപ്പിനു മുന്നിൽ ക്യൂ നിൽക്കാൻ നേരം
സീരിയലനവധി കാണാൻ ചിലർക്കു നേരം
ദിനങ്ങൾ കടന്നുപോകുന്നു പഴഞ്ചനായി
പുതിയതു തേടും പരക്കം പാച്ചിലാണെങ്ങും
ഒന്നുനിൽക്കൂ; ഈ ജീവിതം കലമ്പലാക്കല്ലേ
ജീവിതവ്യഗ്രതകൾ വെടിഞ്ഞ് ശാന്തരാകൂ
ഓട്ടം കുറച്ച് വചനം വായിച്ച് ധ്യാനിപ്പിൻ
അപ്പോൾ തെളിയും ജീവിത നേർരേഖ നിശ്ചയം.

**ഫ്രാൻസീസ് മുത്തിപ്പീടിക,**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

# വചനത്തിന്റെ ശക്തി

**ജീ**വിതത്തിലെ ഏതു പ്രതിസന്ധിയും തരണം ചെയ്യാൻ പ്രാർത്ഥനയും ആത്മവിശ്വാസവും നമ്മെ പ്രാപ്തരാക്കുന്നു. അത് എനിക്ക് മനസ്സിലാക്കി തന്ന സമയമാണ് എന്റെ പത്താംക്ലാസ് കാലം. പത്താംക്ലാസിൽ നന്നായി പഠിക്കണം. ഇല്ലെങ്കിൽ ജോലി കിട്ടില്ല എന്നൊക്കെയാണ് ആളുകൾ പറഞ്ഞ് പേടിപ്പിക്കാറുള്ളത്. ആ മണ്ടത്തരം വിശ്വസിച്ച കൂട്ടത്തിലുള്ള ആളാണ് ഞാനും. പത്താംക്ലാസിൽ പഠിക്കുന്ന എല്ലാവരോടും എല്ലാ മാതാപിതാക്കളും നന്നായി പഠിക്കണം എന്നു തന്നെയാണ് പറയുന്നതും. പഠിക്കണം അതോടൊപ്പം പ്രാർത്ഥനയും കൂടെ ഉണ്ടായതുകൊണ്ട് തന്നെയാണ് എനിക്ക് ഉന്നതവിജയം നേടാൻ സാധിച്ചത്. പരീക്ഷാസമയത്ത് എല്ലാവരും പ്രാർത്ഥിച്ചിരുന്നതുപോലെ ഞാനും പ്രാർത്ഥിച്ചിരുന്നു. *"സ്വർഗ്ഗത്തിൽ ദൈവം ഞങ്ങൾക്ക് വിജയം നൽകും"* (നെഹമിയ 2:20); *"പരിശുദ്ധാത്മാവ് വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും"* (അപ്പ. 1:8). പരീക്ഷാസമയത്ത് ഈ രണ്ടു വചനങ്ങൾ മനസ്സിൽ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടാണ് ഞാൻ പരീക്ഷ എഴുതിയത്. അതുകൊണ്ടുതന്നെയാണ് ഞാൻ ഉന്നതവിജയം നേടിയത് എന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെതന്നെ, നമ്മളെല്ലാവരും വചനങ്ങൾ ധ്യാനിച്ച് പ്രാർത്ഥിക്കുകയാണെങ്കിൽ ആവശ്യസമയത്ത് കർത്താവ് ഇടപെടുമെന്നാണ് എന്റെ വിശ്വാസം.

**ലെനറ്റ് റോസ് പി. എ.**
Std. XI A
സെന്റ് റാഫേൽ യൂണിറ്റ്



## വിശുദ്ധരുടെ വചസ്സുകൾ

"'കുട്ടികൾ വായിക്കുന്ന പുസ്തകം മാതാപിതാക്കളുടെ ജീവിതമാണ്."

**വി. ചാവറയച്ചൻ**

ലേഖനം

# "ഡോഗ്സ് ഓൺ കൺട്രീസ്"

നായയും മനുഷ്യനും തമ്മിൽ ഒരു അഭേദ്യ ബന്ധമുണ്ട്. നായകളെ മനുഷ്യൻ ഇണക്കി വളർത്തുമ്പോൾ അവ നന്ദിസൂചകമായി വാലാട്ടുകയും സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, മനുഷ്യന് നായയോടുള്ള സ്നേഹം വർദ്ധിച്ചു വർദ്ധിച്ചു നമ്മുടെ നാട് "ഡോഗ്സ് ഓൺ കൺട്രി"യായി മാറുകയാണിന്ന്.

പന്തീരാണ്ട് കൊല്ലം കുഴലിലിട്ടാലും നിവരാത്ത വാലുമായി അലഞ്ഞു നടക്കുന്ന ഒട്ടനേകം നായ്ക്കൾ വീടുകളിലെ സെക്യൂരിറ്റി ഗാർഡ്, കള്ളൻ വന്നാൽ കുരച്ചറിയിക്കാൻ സഹായി, പോലീസിന് തുമ്പ് കണ്ടെത്തി കൊടുക്കുന്ന ഡിറ്റക്ടീവ് തുടങ്ങിയ റോളുകൾ നായ്ക്കളുടെ കയ്യിൽ ഭദ്രമാണ്. എന്നാൽ, നായ തന്റെ കൂർത്ത പല്ലുകൾ മനുഷ്യർക്ക് നേരെ പ്രയോഗിക്കുന്നയിടത്താണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

കാൽനടയാത്രക്കാരാണ് നായ്ക്കളുടെ ആക്രമണത്തിന്റെ പ്രധാന ഇരകൾ. മുതിർന്ന പൗരന്മാരും കുട്ടികളുമായിരിക്കും അതിൽ ഏറെയും. മനുഷ്യരെ ഓടിച്ചിട്ടു കടിക്കുന്ന പ്രവണത നായ്ക്കളിൽ സാധാരണമാണ്. ഇതിനാൽ മുറിവേൽക്കുന്ന കേസുകൾ അധികമാണ്. സംഘമായും ഒറ്റയ്ക്കും നായ്ക്കൾ മനുഷ്യനം ഉപദ്രവിക്കുന്നു. അർദ്ധരാത്രിയിലുള്ള നായ്ക്കളുടെ കുരയും ഓരിയിടലും ആൾക്കാരുടെ ഉറക്കം കെടുത്തുന്നു. കൂടാതെ വീടുകളിൽ വളർത്തുന്ന പശു, ആട്, കോഴി തുടങ്ങിയവയെ ഇവ ആക്രമിക്കുന്നു. എല്ലാറ്റിലുമുപരിയായൊരു പ്രശ്നമാണ് നായ്ക്കൾ വാഹനങ്ങൾക്ക് കുറുകെ ചാടി വരുത്തുന്ന അപകടങ്ങൾ. മിക്കവാറും ഇരുചക്രവാഹന അപകടവും നായ്ക്കൾ കുറുകെ ചാടിയതിനാൽ ഉണ്ടാകുന്നതാണ്. സൈക്കിൾ, സ്കൂട്ടർ, ബൈക്ക് യാത്രക്കാർ നിരത്തിലിറങ്ങുമ്പോൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം ഇതാണ്. ഈ കുറുകെ ചാടൽ പലർക്കും മരണം വരെ സമ്മാനിച്ചിട്ടുണ്ട്. തെരുവുനായ്ക്കൾ വർദ്ധിക്കുന്നതിന്റെ പിന്നിൽ അനേകം കാരണങ്ങളുണ്ട്. അതിൽ പ്രധാനം നഗരവീഥികളിലെ മാലിന്യകൂമ്പാരങ്ങളാണ്. ഇവയ്ക്കരികിലെത്തുമ്പോൾ നായ്ക്കൾക്ക് ഫൈവ് സ്റ്റാർ ഹോട്ടൽ കണ്ട പ്രതീതിയായിരിക്കും. ആവശ്യത്തോളം ഭക്ഷണം അവർക്കു ലഭിക്കുന്നു. മാലിന്യകൂമ്പാരത്തിലുള്ള ഇറച്ചിയുടെ അവശിഷ്ടങ്ങളും മറ്റും അവയ്ക്ക് കുശാലായ ഭക്ഷണമാണ്. മാലിന്യം കൂടുന്ന നഗരത്തിൽ നായ്ക്കളും കൂടുക തന്നെ ചെയ്യും.

തങ്ങളുടെ പ്രിയപ്പെട്ട നായ്ക്കളെ എന്തെങ്കിലും അസുഖം വന്നാൽ

തെരുവിൽ തള്ളുന്ന മാന്യന്മാരുമുണ്ട്. അതും നായ്ക്കളുടെ വർദ്ധനവിനു മറ്റൊരു കാരണമാണ്. നായ്ക്കൾ പ്രസവിച്ചു പെരുകുന്നുമുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ തെരുവ് നായ്ക്കളുടെ ശല്യം കുറയുകയില്ല.

നെതർലൻഡ്, ജർമ്മനി, ഇംഗ്ലണ്ട്, ബ്രസീൽ, ലാറ്റിനമേരിക്കൻ രാജ്യങ്ങൾ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളിൽ ചിലത് അനുകരണീയമാണ്. അവയിൽ പ്രശംസനീയമായ ഒന്ന് തെരുവുനായ്ക്കൾക്കായുള്ള ഷെൽട്ടറുകൾ സ്ഥാപിക്കലാണ്. എല്ലാവർഷവും ഏപ്രിൽ നാല് "ലോകതെരുവുനായ"ദിനമായി ആചരിച്ച്, ഉടമസ്ഥനില്ലാത്ത നായ്ക്കളെ കണ്ടെത്തുകയും ഷെൽട്ടറുകളിൽ എത്തിച്ച് വന്ധ്യംകരിച്ച് സംരക്ഷിക്കുകയും ചെയ്യുന്നു.

തെരുവുനായ്ക്കളെ ഇല്ലാതാക്കുവാൻ അവയെ വിഷം ഉപയോഗിച്ച് കൊന്നാൽ പോരെ എന്നു നിഷ്കരുണം പറയുന്നവരുണ്ട്. അതൊരിക്കലും ശരിയല്ല. അവരും ഈ ഭൂമിയുടെ അവകാശികളാണ്. ആ സത്യം നാം അംഗീകരിച്ചേ മതിയാകൂ. ശരിയായ മാർഗങ്ങൾ ശരിയായ രീതിയിൽ ഉപയോഗിച്ചാൽ തെരുവുനായ്ക്കളുടെ തെരുവിലെ പ്രകടനവും അതിക്രമങ്ങളും അവസാനിക്കും. അവയെ കൊല്ലുക എന്നത് ഒരു ജീവിയുടെ ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നതാണ്. വാക്സിനേഷനും വന്ധീകരണവും നായപിടുത്തക്കാരും നായ്ക്കളെ പുനരധിവസിപ്പിക്കയും മാലിന്യനിർമ്മാർജനവുമൊക്കെ പരിഹാരപ്രക്രിയകളാണ്.

മാലിന്യപ്രശ്നത്തിന് പരിഹാരം കാണുക എന്നതാണ് ഇതിൽ പ്രധാനം. അതിന് പൊതുജനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. നഗരവീഥികളിൽ മാലിന്യം വലിച്ചെറിഞ്ഞാൽ മാലിന്യപ്രശ്നം മാത്രമല്ല തെരുവുനായ്ക്കളുടെ ശല്യവും ഉണ്ടാകുമെന്ന് മനസ്സിലാക്കി ആ പ്രവണത ഉപേക്ഷിക്കുക. നഗരസഭകൾ മാലിന്യ നിർമാർജനത്തിനായി പ്രയോജനകരമായ മാർഗങ്ങൾ ഉപയോഗിക്കുക. അപ്പോൾ ഒറ്റ വെടിക്ക് രണ്ടുപക്ഷിയെന്നപോലെ മാലിന്യപ്രശ്നവും നായ്ക്കളുടെ ശല്യവും പരിഹരിക്കാം. വാക്സിനേഷൻ ചെയ്യുന്നത് നായ്ക്കളുടെ പേ നശിക്കുന്നതിന് കാരണമാകും. വന്ധീകരണം അവ പെറ്റുപെരുകുന്നതു തടയും. ഇതു രണ്ടും വളരെ അത്യാവശ്യമായ കാര്യമാണ്.

നായ്ക്കളേയും ജീവിക്കാൻ അനുവദിച്ച്, എന്നാൽ മനുഷ്യന് ശല്യമാകാത്ത രീതിയിൽ ജീവിക്കാൻ അനുവദിച്ചുള്ള മാർഗങ്ങൾ സ്വീകരിക്കുവാൻ നാം ശ്രമിക്കണം, കൂടാതെ അധികാരികളും "ഡോഗ്സ് ഓൺ കൺട്രി"യായിപ്പോയ നമ്മുടെ നാടിനെ "ഗോഡ്സ് ഓൺ കൺട്രി" ആക്കുവാൻ നമുക്കൊന്നിച്ചു പരിശ്രമിക്കാം.

**പ്രിൻസൺ പുത്തിരി**
തിരുഹൃദയം യൂണിറ്റ്

കർത്താവേ, അങ്ങാണ് എന്റെ രക്ഷാകവചവും എന്റെ മഹത്വവും. (സങ്കീ. 3:3)

**ലേഖനം**

# നിയമം ഹൃദയത്തിൽ

ഉറ്റ ചങ്ങാതിമാരോട് നാം പറയും, നീ എന്റെ ഹൃദയത്തിലുണ്ട് അല്ലെങ്കിൽ പറയും ഞാൻ എന്റെ ഹൃദയം പോലെ നിന്നെ സ്നേഹിക്കുന്നു. നിന്നെ എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്ന വാക്കുകൾ. എന്നപോലെ ദൈവത്തെ സ്നേഹിക്കുന്നവർ, ആരാധിക്കുന്നവർ ദൈവത്തോടും ഇതുപോലെ പറയും. "എന്റെ ദൈവമേ അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം. അങ്ങയുടെ നിയമം എന്റെ ഹൃദയത്തിലുണ്ട്" (സങ്കീ. 40 –8). ദൈവഹിതം നിറവേറ്റുമ്പോൾ അവിടുന്ന് മോശയെ വിജയിപ്പിച്ചു കൊണ്ടിരുന്നു. ജോഷ്വ അമോര്യർക്കെതിരെ യുദ്ധം നയിക്കുമ്പോൾ മോശ കൈകളുയർത്തി ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നപ്പോൾ വിജയം വരിച്ചു കൊണ്ടിരുന്നു. യേശു മരുഭൂമിയിൽ പ്രവേശിച്ച് പ്രാർത്ഥനാനിരതനായപ്പോൾ പിശാചിന്റെ പ്രലോഭനങ്ങളെ നേരിടാൻ ശക്തി ലഭിച്ചു. ശിഷ്യരും വിശ്വാസി സമൂഹവും പ്രാർത്ഥനാനിരതരായി ദിവസങ്ങൾ പിന്നിട്ടപ്പോൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം വന്നു നിറഞ്ഞ് അവർ ഉച്ചത്തിൽ സധൈര്യം വചനം പ്രഘോഷിക്കാൻ തുടങ്ങി. ഹൃദയത്തെ ദൈവത്തിന് സമർപ്പിച്ചപ്പോൾ സംഭവിച്ച കാര്യങ്ങളാണ് ഇതുവരെ വിവരിച്ചത്.

ഹൃദയത്തിലെ വികാരവിചാരങ്ങളെ വിവേചിച്ചറിയാൻ ദൈവത്തിന് കഴിയുമെന്ന് ഈജിപ്തിൽ നിന്ന് കാനാൻദേശത്തേക്ക് പുറപ്പെട്ട ഇസ്രായേൽ മക്കൾക്ക് ബോധ്യമായി. അവർ ദൈവത്തിനെതിരായി പിറുപിറുത്തപ്പോൾ മോശയോട് എതിർത്ത് സംസാരിച്ചപ്പോൾ ദൈവം അവർക്ക് ശിക്ഷണം നൽകിയതായി പുറപ്പാടിന്റെ പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. യേശുവിന്റെ പരസ്യജീവിതകാലത്തും മറ്റുള്ളവർ മനസ്സിൽ നിരൂപിക്കുന്നത് അറിഞ്ഞുകൊണ്ട് മറുപടി പറയുന്ന വചനങ്ങൾ പലതവണ പുതിയ നിയമഗ്രന്ഥത്തിൽ കാണാം. മോശവഴി പഴയനിയമഗ്രന്ഥത്തിലും യേശുവഴി പുതിയനിയമഗ്രന്ഥത്തിലും നമുക്ക് നിയമങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ആ നിയമങ്ങളുടെ ലംഘനമാണ് പാപം.

ഹൃദയത്തിന്റെ നിറവിൽനിന്നാണ് അധരം സംസാരിക്കുന്നത്. ദൈവത്തോടുള്ള വിശ്വസ്തതയും, ദൈവികനിയമങ്ങൾ പാലിച്ചുകൊണ്ടുള്ള

ജീവിതവും നമ്മെ ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർത്തുന്നു. അങ്ങനെയുള്ളവർ ജീവിക്കുന്നതും ഉറങ്ങുന്നതും ഉണരുന്നതും ദൈവകരങ്ങളിലാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യമക്കൾക്ക് ദൈവവുമായി പ്രത്യേകമായ ആഭിമുഖ്യം അവിടുന്ന് നൽകിയിട്ടുണ്ട്. ദൈവികനിയമങ്ങളിൽ നിന്ന് വ്യതിചലിച്ച് ലൗകികതയോട് ചേർന്ന് ദൈവത്തിൽനിന്ന് അകന്നുപോകുമ്പോൾ നിയമം ധിക്കരിക്കപ്പെടുന്നതും പരിശുദ്ധാത്മാവിന്റെ ആവാസം ഉപേക്ഷിക്കപ്പെട്ട് പോകുന്നതും വിശ്വാസി സമൂഹത്തിൽ കണ്ടുവരുന്നു. ഞങ്ങളുടെ ഹൃദയം അങ്ങയുടെ ഹൃദയത്തിന് അനുയോജ്യമാക്കേണമെ എന്ന് നാം പ്രാർത്ഥിക്കാറുണ്ട്. യേശുവിന്റെ ഹൃദയത്തിന്റെ പരിശുദ്ധി, സ്നേഹം, കരുണ, കരുതൽ, ക്ഷമ എത്രമാത്രം ആഴമേറിയതാണെന്ന് തിരുവചനങ്ങളിൽകൂടി ഗ്രഹിക്കുന്ന മർത്യൻ തന്റെ ഹൃദയം പാപങ്ങൾക്ക് ചേക്കേറാൻ വിട്ടുകൊടുക്കുന്നത് കഷ്ടമെന്നേ പറായാനാകൂ. നമ്മുടെ ഹൃദയം യേശുവിന്റെ ഹൃദയംപോലെ വിശുദ്ധിയുള്ളതായാൽ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ ആവേശിക്കും. പരിശുദ്ധ മറിയത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തി നിറഞ്ഞ് യേശുവിനെ ഉദരത്തിൽ വഹിച്ചതുപോലെ നമ്മിലും അത്ഭുതങ്ങൾ നടക്കും. നമ്മുടെ പാപാവസ്ഥകളാണ് പരിശുദ്ധാത്മാവിനെ നിഷേധിക്കുന്നത്. ജോഷ്വയോട് കർത്താവ് പറയുന്നു: "വചനപ്രമാണഗ്രന്ഥം നിന്റെ അധരത്തിലുണ്ടായിരിക്കണം. രാവും പകലും നീ അതിനെക്കുറിച്ച് ധ്യാനിക്കണം. അപ്പോൾ നീ ശക്തി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും."

"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ" (യോഹ. 14-1). ഒരുവൻ ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറയുകയും പ്രവർത്തിയിൽ ആ വിശ്വാസം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ആ വിശ്വാസം നിർജ്ജീവമാണെന്ന് വി. യാക്കോബിന്റെ ലേഖനം 2-17 ൽ നാം വായിക്കുന്നു. തന്റെ ഹൃദയത്തെ നന്മയിലേക്ക് പ്രചോദിപ്പിക്കുവാൻ, പ്രവൃത്തിയിൽ തന്റെ വിശ്വാസം ജീവനുള്ളതായിത്തീരാൻ പരിശ്രമിക്കുമ്പോഴാണ് തന്റെ ഹൃദയത്തിൽ ദൈവികനിയമം നാമ്പെടുത്ത് വളർന്ന് ഫലം പുറപ്പെടുവിക്കുന്നത്. നമ്മുടെ ഹൃദയങ്ങളെ ദൈവികനിയമങ്ങൾ പാലിച്ച് ജീവിക്കുവാൻ പൂർണ്ണമായും സമർപ്പണം ചെയ്യാം.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

# സംശയമോ? ദൃഢവിശ്വാസമോ?

വി. തോമാശ്ലീഹായെ സാധാരണയായി വിശേഷിപ്പിക്കുന്നത് സംശയാലുവായ തോമാ എന്നാണ്. യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ച് സ്ത്രീകളുടെ വാക്കുകൾ കേൾക്കുകയും ശൂന്യമായ കല്ലറ കാണുകയും തനിക്ക് യേശു പ്രത്യക്ഷപ്പെട്ടു എന്ന മഗ്ദലനാമറിയത്തിന്റെ വാക്കുകൾ കേൾക്കുകയും ചെയ്തിരുന്നുവെങ്കിലും അവർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കുകയായിരുന്നു. അപ്പോൾ യേശു അവർക്കു പ്രത്യക്ഷപ്പെട്ടു സമാധാനം ആശംസിക്കുകയും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു അവരെ ഒരുക്കുകയും ചെയ്തു.

ഉത്ഥാനശേഷം യേശു വന്നപ്പോൾ ദീദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ് ഉണ്ടായിരുന്നില്ല. മറ്റു ശിഷ്യന്മാർ പറഞ്ഞു: ഞങ്ങൾ കർത്താവിനെ കണ്ടു. ‘‘*അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല*” (യോഹ. 20:25). എട്ടു ദിവസങ്ങൾക്കുശേഷം യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു: “നിങ്ങൾക്കു സമാധാനം! അവൻ തോമസിനോടു പറഞ്ഞു. നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക. എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക” (യോഹ. 20: 26–27). തുടർന്ന് യേശു ഇങ്ങനെ പഠിപ്പിച്ചു. *“നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.”* ഈ വിവരണം ശ്ലീഹായുടെ സത്യാന്വേഷണത്തിന്റെ ഒരു വലിയ തെളിവാണ്. ഇവിടെ വാശിപിടിക്കുന്നത് സംശയം കൊണ്ടോ? വിശ്വാസം കൊണ്ടോ? ക്രിസ്തുവിനെ അവൻ അത്രമാത്രം സ്നേഹിച്ചിട്ടും തന്നെ കാണാതെ പോയല്ലോ എന്ന ദുഃഖം... ഈശോയെ കാണണമെന്നുള്ള തന്റെ ആഗ്രഹം അവൻ സാധിച്ചു തരും എന്നുള്ള ഉറച്ച വിശ്വാസം.... അവനെ വീണ്ടും വീണ്ടും വാശിപിടിപ്പിക്കുന്നു. അതുകൊണ്ടായിരിക്കാം അവൻ ഇങ്ങനെ പറഞ്ഞത്, *“എന്റെ കർത്താവേ, എന്റെ ദൈവമേ”*. ബൈബിളിലെ ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനം ഇതു തന്നെയാണ്. അതിനെക്കാളുപരി യേശുവിനോടുള്ള അടുപ്പത്തിൽ നിന്നുള്ള സ്നേഹശാഠ്യം ആണ്.

ഹൃദയ അടുപ്പം ഇല്ലാത്തവർക്ക് ഒരിക്കലും അവന്റെ മുറിവുകളെ സ്പർശിക്കാനുള്ള ആഗ്രഹം ഉണ്ടാവുകയില്ല. യേശുവിന്റെ മാറിൽ ചാരി കിടന്ന ശിഷ്യനായ യോഹന്നാന് തോമാശ്ലീഹായുടെ ഈ ഹൃദയ അടു

പ്പത്തെക്കുറിച്ച് വിവരിക്കാൻ കഴിഞ്ഞു. ഈ ദൈവസ്നേഹാനുഭവത്തിൽ നിന്നാണ് ദൈവത്തിന്റെ ക്രിസ്തുവിലൂടെയുള്ള രക്ഷാകര ദൗത്യത്തെക്കുറിച്ചുള്ള ബോധ്യത്തിൽ തോമാശ്ലീഹാ തന്റെ പ്രേഷിതദൗത്യം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ഭയത്തിൽനിന്നും വിമുക്തനായി ആത്മാവിന്റെ ദാനഫലങ്ങൾ സ്വീകരിച്ചുകൊണ്ട് സുവിശേഷ പ്രഘോഷണത്തിനായി ദൈവികവേലയുടെ പങ്കുകാരനും തുടർച്ചക്കാരനും ആകാൻ കഴിഞ്ഞതിലുള്ള ആനന്ദത്തോടെ ഭാരതത്തിലേക്ക് തീർത്ഥയാത്ര ചെയ്തു.

ഭാരതത്തിന്റെ ഹൃദയഭൂമിയിൽ രക്ഷയുടെ സന്ദേശവുമായി അതിവിദൂരമായ നാട്ടിലേക്ക് ദുർഘടമായ പാതയിലൂടെ കടന്നുവരാൻ ശ്ലീഹായെ പ്രേരിപ്പിച്ചത് യേശുനാഥനോടുള്ള ആഴമായ വിശ്വാസവും ബന്ധവും മാത്രമായിരുന്നു.

മറ്റു ശിഷ്യന്മാർ ഭയം മൂലം മടിച്ചുനിന്ന സമയത്ത് '*'വരൂ നമുക്കും അവനോടുകൂടി പോയി മരിക്കാം"* എന്ന പ്രഖ്യാപനത്തിൽ തോമാശ്ലീഹായുടെ ദൃഢവിശ്വാസം വ്യക്തമാകുന്നു. "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്നുള്ള തിരുമൊഴിയും ഉണ്ടാകാൻ നിമിത്തമായത് തോമാശ്ലീഹായുടെ നിഷ്കളങ്ക ചോദ്യമായിരുന്നു. ആദ്യ പ്രവർത്തന സ്ഥലമായ കൊടുങ്ങല്ലൂരിന് ശേഷം പാലയൂർ, നിരണം, കൊല്ലം, കോക്കമംഗലം, നിലയ്ക്കൽ, കോട്ടക്കാവ് എന്നീ സ്ഥലങ്ങളിലും പ്രവർത്തിച്ച് 7 വിശ്വാസ സമൂഹങ്ങൾ രൂപപ്പെടുത്തി വിശ്വാസപ്രഘോഷണം നടത്തി. കേരളത്തിൽ നിന്ന് തോമാശ്ലീഹാ തമിഴ്നാട്ടിലെ മൈലാപൂരിലെ ചിന്ന മലയിൽ വച്ച് എ. ഡി. 72 ജൂലൈ 3 ന് പൂജാരിയുടെ കുന്തം കൊണ്ടുള്ള കുത്തേറ്റ് വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിയായി. ക്രിസ്തുവിശ്വാസം പകർന്നു തന്ന രക്തസാക്ഷി. ഇതിന്റെ ഓർമ്മയാണല്ലോ ദുക്റാന തിരുന്നാൾ.

വിശ്വസിക്കുന്നവൻ ദൈവത്തിന്റെ തന്നെ ശക്തി ആർജ്ജിച്ചെടുക്കുന്നു. വിശ്വാസജീവിതത്തിന് ഒരുപാട് പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ജീവിതസാഹചര്യങ്ങൾ എത്ര പ്രതികൂലമാണെങ്കിലും പ്രവർത്തനാത്മകമായി ധൈര്യത്തോടെ പരീക്ഷണങ്ങളെ നേരിടുന്നവർക്ക് മാത്രമേ കർത്താവിന്റെ കൂടെ ദൃഢനിശ്ചയത്തോടെ ആയിരിക്കാൻ സാധിക്കൂ.

ജനലക്ഷങ്ങളുടെ ഹൃദയാന്ധകാരം അകറ്റി വിശ്വാസത്തിന്റെ തിരിനാളം കൊളുത്തിയ മിശിഹായുടെ ഊർജ്ജസ്വലനായ ശിഷ്യന്റെ ദൈവാശ്രയത്വം നിറഞ്ഞ ജീവിതം നമുക്ക് ശക്തിയും പ്രചോദനവും പകരട്ടെ....

*ഭാരതശ്ലീഹാ. ..തോമാശ്ലീഹാ... ഞങ്ങൾക്കായ് പ്രാർത്ഥിച്ചീടണമേ*

*അസതോ മാ സദ്ഗമയാ*

**ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ്**

പെരിഞ്ചേരി

# തിരുഹൃദയനാദം

## പാരീഷ് ബുള്ളറ്റിൻ പത്രാധിപസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങൾ



**ഫാ. പോൾ താണിക്കൽ**
ചീഫ് എഡിറ്റർ



**ഫാ. ജിന്റോ ചിറമ്മൽ CMI**
മാനേജിങ്ങ് എഡിറ്റർ



**പോൾ കാട്ടൂക്കാരൻ**
എക്സിക്യൂട്ടീവ് എഡിറ്റർ



**പ്രിൻസൺ പുത്തിരി**
എഡിറ്റർ



**ഷാജു കിടങ്ങൻ**
ട്രഷറർ



**ജോമോൻ തട്ടിൽ**
അഡ്വർടൈസ്മെന്റ്



**ജോസ് തെക്കിനിയത്ത്**
ട്രസ്റ്റി



**സി. ഫെമി FCC**
കമ്മിറ്റി അംഗം



**സി. ടിസ്സ ജീസ് FCC**
കമ്മിറ്റി അംഗം



**ജോസ് മുത്തിപീടിക**
കമ്മിറ്റി അംഗം



**ജോക്സൺ കുറ്റിക്കാട്ട്**
മീഡിയ



**ബെൻസി റോയ്**
കമ്മിറ്റി അംഗം

സ്ഥാനം ഒഴിഞ്ഞവർക്ക്
നന്ദി



**ജോസ് കുറ്റിക്കാട്ട്**



**ജോസ് എം. എ.**

## 2024 ജൂൺ തിരുനാൾ ഡയാലിസിസ് സംഭാവന

### I. സെന്റ് ഫ്രാൻസിസ് അസ്സീസി യൂണിറ്റ്

| | | | |
|---|---|---|---|
| 1. | മുത്തിപീടിക അന്തോണി | – | 500.00 |
| 2. | മാണിപറമ്പിൽ ഡേവിസ് ഡെന്നി | – | 500.00 |
| 3. | കൊക്കൻ അന്തോണി ഫ്രാൻസീസ് | – | 500.00 |
| 4. | മുത്തിപീടിക ദേവസ്സി ഷിജു | – | 500.00 |
| 5. | കൊക്കൻ ദേവസ്സി യേശുദാസ് | – | 500.00 |
| 6. | പാഴായി അന്തോണി മാത്യൂസ് | – | 500.00 |
| 7. | ചിറയത്ത് ഡേവിസ് റോയ് | – | 500.00 |
| 8. | പടിക്കല റപ്പായി അന്തോണി | – | 500.00 |
| | | **–** | **4,000.00** |

### II. ലിറ്റിൽ ഫ്ളവർ യൂണിറ്റ്

| | | | |
|---|---|---|---|
| 1. | വള്ളൂപ്പാറ കുഞ്ഞിതോമൻ ലാസർ | – | 500.00 |
| 2. | വള്ളൂപ്പാറ കുഞ്ഞിതോമൻ ജീസൻ | – | 500.00 |
| 3. | ചാലിശ്ശേരി പൗലോസ് തോമസ് | – | 500.00 |
| 4. | ഷാജു കിടങ്ങൻ | – | 500.00 |
| 5. | മുത്തിപീടിക റപ്പായി ഡേവിസ് | – | 500.00 |
| 6. | മുത്തിപീടിക അന്തോണി ജോയ് | – | 500.00 |
| 7. | മുത്തിപീടിക ആനി ജോർജ്ജ് | – | 2000.00 |
| 8. | മുത്തിപീടിക ലോനപ്പൻ ഫ്രാൻസീസ് | – | 500.00 |
| 9. | ആലപ്പാട്ട് പൂവത്തിങ്കൽ ഷെർളി ജോസ് | – | 500.00 |
| 10. | കൊക്കൻ ജോർജ്ജ് സേവ്യർ | – | 500.00 |
| 11. | കാഞ്ഞിരത്തിങ്കൽ സണ്ണി ജിനേഷ് | – | 500.00 |
| 12. | മുത്തിപീടിക ലോനപൻ ജോസ് | – | 500.00 |
| | | **–** | **7,500.00** |

### III. സെന്റ് റാഫേൽ യൂണിറ്റ്

| | | | |
|---|---|---|---|
| 1. | തെക്കിനിയത്ത് പാഴായി സിജന്റ് | – | 500.00 |
| 2. | മുത്തിപീടിക ഫ്രാൻസീസ് ബൈജു | – | 1,000.00 |
| 3. | ചൂണ്ടയിൽ വർഗ്ഗീസ് | – | 500.00 |
| 4. | വീരമ്പുള്ളി സ്റ്റാൻലി | – | 500.00 |
| 5. | കല്ലൂക്കാരൻ വർഗ്ഗീസ് | – | 500.00 |
| 6. | മുത്തിപീടിക ലാസർ | – | 500.00 |
| 7. | മുത്തിപീടിക ലിയോ | – | 500.00 |
| 8. | മുത്തിപീടിക സോണി | – | 500.00 |
| 9. | ഊക്കൻ ഡിനോ | – | 500.00 |
| 10. | കോലഞ്ചേരി ലിംസൺ | – | 500.00 |

| | | | |
|---|---|---|---|
| 11. | കോലഞ്ചേരി അനിൽ | – | 500.00 |
| 12. | പുലിക്കോട്ടിൽ കോളിൻസ് | – | 500.00 |
| 13. | പഞ്ഞിക്കാരൻ വിൽസൻ | – | 500.00 |
| 14. | പൊറുത്തൂക്കാരൻ ജോബി | – | 500.00 |
| 15. | മുത്തിപീടിക മേരി | – | 500.00 |
| 16. | ചൊവ്വല്ലൂക്കാരൻ ജേക്കബ് | – | 500.00 |
| 17. | വല്ലച്ചിറക്കാരൻ അന്തോണി | – | 500.00 |
| 18. | വല്ലച്ചിറക്കാരൻ ഡേവിസ് | – | 500.00 |
| 19. | തേക്കാനത്ത് വർഗ്ഗീസ് | – | 500.00 |
| 20. | മാളിയേക്കൽ വർഗ്ഗീസ് | – | 500.00 |
| 21. | വല്ലച്ചിറക്കാരൻ പൗലോസ് | – | 500.00 |
| | | **–** | **11,000.00** |

## IV. സെന്റ് ജോസഫ് യൂണിറ്റ്

| | | | |
|---|---|---|---|
| 1. | മറ്റപ്പിള്ളി അബ്രാഹം | – | 500.00 |
| 2. | കോലഞ്ചേരി ജോസഫ് റോസി | – | 500.00 |
| 3. | പുളിക്കൻ വർഗ്ഗീസ് | – | 500.00 |
| 4. | തെക്കിനിയത്ത് ലൂസി റപ്പായി | – | 1,000.00 |
| 5. | കണ്ടംകുളത്തി അന്തോണി ലില്ലി | – | 500.00 |
| 6. | മാളിയേക്കൽ ദേവസ്സി രഞ്ജിത്ത് | – | 500.00 |
| 7. | തെക്കിനിയത്ത് ഔസേപ്പ് ഷാജു | – | 500.00 |
| 8. | തെക്കിനിയത്ത് ലോന ഡേവിസ് | – | 500.00 |
| 9. | തെക്കിനിയത്ത് സ്റ്റാൻലി | – | 500.00 |
| 10. | തെക്കിനിയത്ത് ജോർജ്ജ് | – | 500.00 |
| 11. | തെക്കിനിയത്ത് അന്തോണി | – | 1,000.00 |
| 12. | തെക്കിനിയത്ത് ജോസ് | – | 1,000.00 |
| 13. | തെക്കിനിയത്ത് ജോഷി | – | 500.00 |
| 14. | തെക്കിനിയത്ത് ഫ്രാൻസീസ് | – | 500.00 |
| 15. | കൂനംപ്ലാക്കൽ ജോസ് | – | 1,000.00 |
| 16. | പാറയ്ക്കൽ എലിസബത്ത് | – | 500.00 |
| 17. | പാറയ്ക്കൽ വർക്കി | – | 500.00 |
| 18. | തൈക്കാടൻ ഫ്രാൻസീസ് | – | 500.00 |
| 19. | കോലഞ്ചേരി ജോസഫ് നെൽസൺ | – | 1,000.00 |
| 20 | കാട്ടൂക്കാരൻ ഷാലി ജോബൻ | – | 500.00 |
| 21. | മഞ്ഞിയിൽ ലാജി വിജോ | – | 500.00 |
| | | **–** | **13,000.00** |

## V. സെന്റ് സേവ്യർ യൂണിറ്റ്

| | | | |
|---|---|---|---|
| 1. | കൂനംപിലാവ് ലാസർ രാജൻ | – | 500.00 |

ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക. (മത്താ. 19: 17)

| | | | |
|---|---|---|---|
| 2. | മുത്തിപീടിക ഔസേപ്പ് വർഗ്ഗീസ് | – | 500.00 |
| 3. | അറമ്മൽ രാജു ഗ്ലാഡിസ് | – | 1,000.00 |
| 4. | ആലുക്കപറമ്പിൽ ലോനപ്പൻ ജോൺസൺ | – | 500.00 |
| 5. | കണ്ണായി ജോർജ്ജ് തോമസ് | – | 5,000.00 |
| 6. | മുത്തിപീടിക പൊറിഞ്ചു ജെൻസൻ | – | 500.00 |
| 7. | കൂനംപിലാവ് ജോസ് ഡോൺ | – | 500.00 |
| 8. | കൂനംപിലാവ് ജോസ് ഡിബിൻ | – | 500.00 |
| 9. | കുണ്ടുകുളം മേരി ജോസ് | – | 500.00 |
| 10. | കൂനംപിലാവ് ഫ്രാൻസീസ് ജോസ് | – | 1,000.00 |
| 11. | കൂനംപിലാവ് ഫ്രാൻസീസ് ക്ലീറ്റസ് | – | 1,000.00 |
| 12. | കൂനംപിലാവ് ജെയിംസ് ജെൽസൻ | – | 1,000.00 |
| 13. | എലുവത്തിങ്കൽ കാട്ടൂക്കാരൻ ഇനാശു പോൾ | – | 1,000.00 |
| 14. | കൂനംപിലാവ് ജെയിംസ് ജസ്റ്റിൻ | – | 500.00 |
| 15. | മുത്തിപീടിക തോമ ജോസ് | – | 500.00 |
| 16. | കൊക്കൻ റപ്പായി ടെസി | – | 500.00 |
| 17. | കൊക്കൻ റപ്പായി ഡിനോയ് | – | 500.00 |
| 18. | പട്ടത്തുപറമ്പിൽ ലോനപ്പൻ ജോൺസൺ | – | 500.00 |
| 19. | പയ്യപ്പിള്ളി പോൾ ലിജോൺ | – | 1,000.00 |
| 20. | കൊക്കൻ അന്തോണി ജോസഫ് | – | 1,000.00 |
| 21. | കൂനംപിലാവ് ലാസർ ബാബു | – | 500.00 |
| 22. | ചിറയത്ത് ജോസഫ് ജോൺസൺ | – | 500.00 |
| 23. | കുണ്ടുകുളം റപ്പായി ജോസ് | – | 500.00 |
| 24. | കൂനംപിലാവ് വർഗ്ഗീസ് പ്യാരി | – | 500.00 |
| 25. | കാട്ടുപറമ്പിൽ മിഖായേൽ ഫ്രാൻസീസ് | – | 500.00 |
| 26. | തെക്കിനിയത്ത് റപ്പായി ബാസ്റ്റിൻ | – | 500.00 |
| 27. | തെക്കിനിയത്ത് ജോസഫ് മാർട്ടിൻ | – | 500.00 |
| 28. | തെക്കിനിയത്ത് ജോസഫ് അൽഫോൻസ | – | 500.00 |
| 29. | കൊക്കൻ ഫ്രാൻസീസ് ബിനോയ് | – | 2,000.00 |
| 30. | കൊക്കൻ അന്തോണി വർഗ്ഗീസ് | – | 3,000.00 |
| 31. | പൊറുത്തൂക്കാരൻ കൊച്ചപ്പൻ ബിജു | – | 500.00 |
| 32. | മുത്തിപീടിക പൈലി യോഹന്നാൻ | – | 500.00 |
| | | – | **28,000.00** |

## VI. വിമലനാഥ യൂണിറ്റ്

| | | | |
|---|---|---|---|
| 1. | കൂനംപിലാവ് റപ്പായി മേരി | – | 500.00 |
| 2. | തെക്കിനിയത്ത് അന്തോണി വർഗ്ഗീസ് | – | 500.00 |
| 3. | തെക്കിനിയത്ത് അന്തോണി മിനിജൻ | – | 500.00 |
| 4. | തെക്കിനിയത്ത് വാറപ്പൻ ജോസഫ് | – | 500.00 |

| | | | |
|---|---|---|---|
| 5. | തെക്കിനിയത്ത് ജോസഫ് ജെൻസി | – | 500.00 |
| 6. | ചീനാൻ പൗലോസ് ഫ്രാൻസീസ് | – | 500.00 |
| 7. | മുത്തിപീടിക പൊറിഞ്ചുണ്ണി ആന്റോ | – | 500.00 |
| 8. | കൂനംപിലാവ് റപ്പായി റപ്പായി | – | 500.00 |
| 9. | ചീനാൻ അന്തു ജോൺ | – | 500.00 |
| 10. | ചീനാൻ വാറു ജോസ് | – | 500.00 |
| 11. | ചീനാൻ വർഗ്ഗീസ് ആനി | – | 500.00 |
| 12. | ചീനാൻ അന്തോണി ഫ്രാൻസീസ് | – | 500.00 |
| 13. | പെല്ലിശ്ശേരി ദേവസി ജോജി | – | 1,000.00 |
| 14. | വീരമ്പുള്ളി റപ്പായി മാത്യു | – | 500.00 |
| 15. | വീരമ്പുള്ളി പാവു റപ്പായി | – | 500.00 |
| 16. | കൂനംപിലാവ് റപ്പായി ബെനഡിൻ | – | 500.00 |
| 17. | ചീനാൻ ദേവസ്സി പോൾ | – | 500.00 |
| 18. | വീരമ്പുള്ളി പാവു സോജൻ | – | 500.00 |
| 19. | ചീനാൻ ലോനപ്പൻ മേരി | – | 500.00 |
| | | **–** | **10,000.00** |

## VII. നിർമ്മലമാത യൂണിറ്റ്

| | | | |
|---|---|---|---|
| 1. | എലുവത്തിങ്കൽ ഇട്ടൂപ്പ് ആൻഡ്രൂസ് | – | 500.00 |
| 2. | പയ്യപ്പിള്ളി റപ്പായി ജിജു | – | 500.00 |
| 3. | വടക്കൻ ലോനപ്പൻ പൈലി | – | 500.00 |
| 4. | വട്ടപറമ്പിൽ അഗസ്തി ജോസ് | – | 500.00 |
| 5. | വല്ലച്ചിറക്കാരൻ റപ്പായി ആനി | – | 500.00 |
| 6. | കൂനംപിലാവ് വറീത് ആന്റണി | – | 500.00 |
| 7. | ആറ്റുപുറം മേജോ | – | 500.00 |
| 8. | തെക്കേവീട്ടിൽ ജൂലിയസ് തങ്കച്ചൻ | – | 500.00 |
| 9. | തെക്കിനിയത്ത് വറീത് റപ്പായി | – | 500.00 |
| | | **–** | **4,500.00** |

## VIII. കർമ്മലമാത യൂണിറ്റ്

| | | | |
|---|---|---|---|
| 1. | തേറാട്ടിൽ ജോസ് | – | 500.00 |
| 2. | തലോണിക്കര ദേവസ്സി | – | 500.00 |
| 3. | തലോണിക്കര വിൽസൻ | – | 500.00 |
| 4. | മഞ്ഞളി തോമസ് | – | 500.00 |
| 5. | ഐനിക്കൽ സ്റ്റാലിൻ | – | 500.00 |
| 6. | തട്ടിൽ ജോമോൻ | – | 2,500.00 |
| 7. | കൊമ്പൻ ആനി ജോസ് | – | 500.00 |
| 8. | ചുങ്കത്ത് ലിംസി ജോർജ്ജ് | – | 3,500.00 |

| | | | |
|---|---|---|---|
| 9. | കൊക്കൻ ജോൺസൺ | – | 500.00 |
| 10. | വല്ലച്ചിറക്കാരൻ ആന്റണി | – | 500.00 |
| 11. | കുറ്റിക്കാടൻ വിൻസന്റ് | – | 500.00 |
| 12. | ചിറ്റിലപ്പിള്ളി പോളി | – | 500.00 |
| 13. | കുത്തൂർ ജോയ്സൺ | – | 500.00 |
| 14. | അരിമ്പൂർ കൊമ്പൻ ജോസ് | – | 500.00 |
| 15. | പാഴായി ആനി ജോണി | – | 500.00 |
| 16. | അടിയാട്ടിപറമ്പിൽ വിൻസന്റ് | – | 1,500.00 |
| 17. | തെക്കിനിയത്ത് കുഞ്ഞാമര ലാസർ | – | 500.00 |
| 18. | തെക്കിനിയത്ത് കുഞ്ഞാമര നിജോ ജോസ് | – | 500.00 |
| 19. | തെക്കിനിയത്ത് കുഞ്ഞാമര ബാബു പീറ്റർ | – | 500.00 |
| 20. | തെക്കിനിയത്ത് കുഞ്ഞാമര ദേവസ്സി | – | 500.00 |
| 21. | പാഴായി ഡേവിസ് | – | 5,000.00 |
| 22. | കൊള്ളന്നൂർ സണ്ണി | – | 500.00 |
| 23. | പാലിയേക്കര റാഫി | – | 500.00 |
| 24. | കൂനംപിലാവ് മേരി അന്തോണി | – | 500.00 |
| | | **–** | **22,500.00** |

## IX. മേരിമാത യൂണിറ്റ്

| | | | |
|---|---|---|---|
| 1. | മരോട്ടിക്കൽ ആന്റോ | – | 500.00 |
| 2. | തെക്കിനിയത്ത് ബിജു | – | 500.00 |
| 3. | തെക്കിനിയത്ത് ജെസി ബിജു | – | 500.00 |
| 4. | പൊറുത്തൂർ ജോണി | – | 500.00 |
| 5. | ആലപ്പാട്ട് പോളി മീന | – | 500.00 |
| 6. | വട്ടക്കുഴി മേഴ്സി | – | 500.00 |
| 7. | പുഴക്കൽ മേരി ആന്റണി | – | 500.00 |
| 8. | മഞ്ഞളി ജോയ് | – | 500.00 |
| 9. | മുരിങ്ങാത്തുപറമ്പിൽ ജോർജ്ജ് | – | 500.00 |
| 10. | കൈതക്കോടൻ സെബാസ്റ്റ്യൻ | – | 500.00 |
| 11. | തേറാട്ടിൽ ആന്റണി | – | 500.00 |
| 12. | മംഗലത്തുകാരൻ റോസിലി | – | 500.00 |
| 13. | ചിറയത്ത് കുഞ്ഞുവറീത് | – | 500.00 |
| 14. | മുത്തിപീടിക ഫ്രാൻസീസ് | – | 500.00 |
| 15. | പള്ളൻ ഷാജു | – | 500.00 |
| 16. | ചിരിയങ്കണ്ടത്ത് ആൽബർട്ട് | – | 500.00 |
| 17. | തട്ടിൽ കാട മേരി | – | 500.00 |
| 18. | താണിക്കൽ ജോയ് | – | 500.00 |
| 19. | പുളിക്കൻ ആൻസൻ | – | 500.00 |

| | | | |
|---|---|---|---|
| 20. | എടക്കളത്തൂർ ഫ്രാൻസീസ് | – | 500.00 |
| 21. | ചെറുവത്തൂർ സജോ | – | 500.00 |
| 22. | കോക്കാടൻ സോമി | – | 500.00 |
| 23. | ചിരിയങ്കണ്ടത്ത് സൈമൺ | – | 500.00 |
| 24. | എലുവത്തിങ്കൽ സവിൻ | – | 500.00 |
| 25. | പള്ളിപുറത്തുകാരൻ രാജു | – | 500.00 |
| 26. | പൊറുത്തൂക്കാരൻ ഷാജി | – | 500.00 |
| 27. | വള്ളൂപ്പാറ സുജിത്ത് | – | 500.00 |
| 28. | ചിറയത്ത് ആന്റണി | – | 500.00 |
| | | – | **14,000.00** |

## X. സെന്റ് മേരീസ് യൂണിറ്റ്

| | | | |
|---|---|---|---|
| 1. | ആളൂര് കൊക്കൻ ലോനപ്പൻ പൈലി | – | 500.00 |
| 2. | ആളൂര് കൊക്കൻ പൈലി റോയി | – | 500.00 |
| 3. | കുരിശിങ്കൽ യോഹന്നാൻ ഫിലോമിന | – | 500.00 |
| 4. | അരിക്കാടൻ ഔസേപ്പ് ചാക്കുണ്ണി | – | 500.00 |
| 5. | കുണ്ടുകുളം ലോനപ്പൻ ജോസ് | – | 1,000.00 |
| 6. | പൊറുത്തൂര് കൂനംപിലാവ് ലാസർ ജോബി | – | 1,000.00 |
| 7. | തൃക്കൂക്കാരൻ പൊറിഞ്ചു മേരി | – | 500.00 |
| 8. | മാളിയേക്കൽ ചെറുശ്ശേരിക്കാരൻ ലോനപ്പൻ ആലീസ് | – | 500.00 |
| 9. | ആളൂര് കൊക്കൻ കൊച്ചപ്പൻ ഷാജു | – | 500.00 |
| 10. | ആളൂര് കൊക്കൻ വറീത് ജോണി | – | 500.00 |
| 11. | ആലപ്പാടൻ തോമസ് ജോസ് | – | 500.00 |
| 12. | എലുവത്തിങ്കൽ ഇനാശു ജോൺസൺ | – | 1,500.00 |
| 13. | ആലപ്പാട്ട് ഔസേപ്പ് ബെന്നി | – | 500.00 |
| 14. | തട്ടിൽ വല്ലച്ചിറക്കാരൻ ഔസേപ്പ് വർഗ്ഗീസ് | – | 500.00 |
| 15. | മണ്ണാത്തിക്കുഴിയിൽ ലില്ലി മാത്യു | – | 500.00 |
| 16. | ചിറമ്മൽ ചെകിടൻ ഗ്രേസി ഇനാശു | – | 500.00 |
| 17. | കുളങ്ങര തോമസ് റാഫി | – | 500.00 |
| 18. | തൈക്കാട്ടിൽ ഔസേപ്പ് ജോൺസൺ | – | 500.00 |
| 19. | ചെറുവത്തൂർ പോൾ ആൽബർട്ട് | – | 500.00 |
| 20. | കുണ്ടുകുളങ്ങര ജോസ് സിജു | – | 500.00 |
| 21. | ചുങ്കത്ത് മാണി ചാക്കു മേജോ | – | 500.00 |
| 22. | തേറാട്ടിൽ കല്ലൂക്കാരൻ മാത്യു ജോസഫ് | – | 500.00 |
| 23. | ആലുക്ക സുമി ജോയ്സൺ | – | 500.00 |
| 24. | ചിറയത്ത് മഞ്ഞിയിൽ വിൽസൺ | – | 500.00 |
| 25. | തട്ടിൽ പെരുമ്പിള്ളി കുഞ്ഞിപൊറിഞ്ചു സെബാസ്റ്റ്യൻ | – | 500.00 |
| 26. | കണ്ണനായ്ക്കൽ അൽഫോൻസ തോമസ് | – | 500.00 |



തിരുനാൾ ആശംസകൾ

**കർമ്മലമാതാ യൂണിറ്റ്**



തിരുനാൾ ആശംസകൾ
സെന്റ് തോമാസ് യൂണിറ്റ്


തിരുന്നാൾ ആശംസകൾ
സെന്റ് അൽഫോൺസ യൂണിറ്റ്
BIBLE



# ഈശോയുടെ
# തിരുഹൃദയ തിരുനാൾ 2024



















ഇടവകദിനാഘോഷം





# Christening

## Georgin Adler Chungath

S/O Jithin C. George & Richu Chacko
Chungath House, P. O. Perinchery
Karmalamatha Unit







# Wedding

20th May 2024



"ഈശോയുടെ തിരുഹൃദയത്തിന്
ആയിരമായിരം നന്ദി."




**CHARLES VARGHEESE**
S/o C. R Varghese &
Choondayil House
P. O Perinchery, Thrissur

St. Raphael Unit

**DELSIYA DAVIS**
D/o A. A. Davis &
Alookaran House
P. O. Urakam, Thrissur

***Best compliments:*** **Talia Hannah jaison**





# Wedding

**ANTONY**
S/o Johny Alappadan
& Alice Johny
Alappadan House
P. O Ponnukkara

**JOMOL**
D/o Joby A.R.
& Raji Joby
Alookaran House
P. O Perinchery

## 1-ാം ചരമവാർഷികം

01.08.2024



**കണ്ണംമ്പുഴ വള്ളൂപ്പാറ**
**പൊറിഞ്ചു ഭാര്യ മേരി**

ജനനം : 12.05.1950    മരണം : 01.08.2023

സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്

IN LOVING MEMORY OF



# Vattakuzhy Thoma Devassy

**17. 04. 1947      30. 07. 2023**

"Though you're no longer with us physically, your love and guidance remain with us always. We miss you deeply."

# വി. ജെർത്രൂദിന്റെ പ്രാർത്ഥന

"നിത്യപിതാവെ!
അവിടുത്തെ പ്രിയപുത്രനും ഞങ്ങളുടെ
ഏക രക്ഷകനും ഏകകർത്താവുമായ
യേശു ക്രിസ്തുവിന്റെ പരിശുദ്ധമായ തിരുരക്തം
ഇന്ന് ലോകമെമ്പാടും അർപ്പിക്കപ്പെടുന്ന
ദിവ്യബലികളോട് ചേർത്ത് ശുദ്ധീകരണ സ്ഥലത്തിലെ
എല്ലാ ആത്മാക്കൾക്കുവേണ്ടിയും
ലോകം മുഴുവനിലുള്ള സകല പാപികൾക്കുവേണ്ടിയും
തിരുസഭയിലുള്ള എല്ലാ പാപികൾക്കുവേണ്ടിയും
എന്റെ കുടുംബത്തിലും തലമുറകളിലും
ഉള്ള സകല പാപികൾക്കുവേണ്ടിയും
അങ്ങേയ്ക്കു ഞാൻ കാഴ്ച വയ്ക്കുന്നു."

**1. സ്വർഗ്ഗ. 1. നന്മ. 1. ത്രിത്വ.**

**ആമ്മേൻ**

---

(നമ്മുടെ കർത്താവ് ഈശോ മിശിഹാ വി.ജെർത്രൂദിനോട് പറഞ്ഞു.
ഈ പ്രാർത്ഥന ഓരോ പ്രാവശ്യം ചൊല്ലുമ്പോഴും
ആയിരം ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തുനിന്നു മോചിതരാകുന്നു
എന്ന്. ആകെയാൽ താങ്കളും ഹൃദ്ദിസ്ഥമാക്കി ആവർത്തിക്കുക)




Wedding
19th May 2024
MEEVA
D/o Mr. Paul Kattookaran &
Mrs. Binna Paul
Eluvathingal Kattookaran House,
Perinchery
St.Xavier's Unit
JOSEPH CHARLES
S/o Mr. Vincent K.J. &
Mrs. Stella Vincent
Kundukulam House,
Pavaratty





# 1-ാം ചരമവാർഷികം

30.06.2024



## കൈപ്പശ്ശേരി ജോസഫ് മകൻ

# ബർണാർഡ്മാസ്റ്റർ

ജനനം : 17.01.1939   മരണം : 30.06.2023

*സെന്റ് ജൂഡ് യൂണിറ്റ്*



2 –ാം ചരമവാർഷികം
24.07.2024

കണ്ണമ്പുഴ വള്ളൂപ്പാറ ദേവസ്സി മകൻ

# വിൻസെന്റ്

ജനനം: 24.08.1955 മരണം: 24.07.2022

സെന്റ് എവുപ്രാസ്യാ യൂണിറ്റ്

# 41–ാം ചരമദിനം



## വടക്കേത്തല റപ്പായി
## ഭാര്യ മേരി

ജനനം: 01.01.1967 മരണം: 01.05.2024

ഞാൻ നിങ്ങളിൽ നിന്ന് അകന്നു പോയി, എങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോട് കൂടെ ഉണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നമ്മൾ ഒരുമിക്കുന്നതുവരെ നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമേ.

**സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്**

# 16-ാം ചരമവാർഷികം
31.07.2024



## തേറാട്ടിൽ കല്ലൂക്കാരൻ
## വാറുണ്ണി വറീത്

ജനനം 12.10.1932 മരണം 31.07.2008

ഞാൻ നിങ്ങളിൽ നിന്ന് അകന്നു പോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും

*തിരുഹൃദയം യൂണിറ്റ്*

## 13- ാം ചരമവാർഷികം

11 - 07 - 2024



ജനനം : 25-07-1910 മരണം : 11-07-2011

തെക്കിനിയത്ത് അന്തോണി ഭാര്യ

# കത്രീന

ഞാൻ നിങ്ങളിൽ നിന്ന് അകന്നു പോയെങ്കിലും
എന്റെ സ്നേഹം നിങ്ങളുടെ കൂടെയുണ്ടായിരിക്കും

സെന്റ് ജോസഫ് യൂണിററ്

## 12-ാം ചരമവാർഷികം

31.07.2024





തേറാട്ടിൽ പോൾ ഭാര്യ

# മേരി

ജനനം : 22.08.1943 മരണം : 31.07.2012

നിങ്ങളിൽ നിന്ന് ഞാൻ അകന്നുവെങ്കിലും
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെ ഓർക്കണമെ...

**എന്റെ കണ്ണുകൾ ഇന്നും ജീവിക്കുന്നു**

**സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ്**

